# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2111

11.03.2020 ൽ മറുപടിക്ക്

## കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്:** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിലൂടെ വ്യവസായ അടിസ്ഥാന സൗകര്യ വികസനം ഒരുക്കി പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പദ്ധതിയിലൂടെ സാധ്യമാകുന്നത്.ഇതിന്റെ ഭാഗമായി ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളാണ് ഒന്നാം ഘട്ടമായി (നോഡ്-1) വികസിപ്പിക്കുന്നത്. ഇതിൽ പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) കിൻഫ്ര മുഖാന്തരം ഏറ്റെടുക്കുന്നതിന് 16.01.2020 തിയ്യതിയിലെ സ.ഉ.(കൈ).നം: 15/2020/വ്യവ പ്രകാരവും അധികമായി 558 ഏക്കർ ഭൂമി കൂടി പാലക്കാട് പുതുശ്ശേരിയിൽ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇടനാഴിയിൽ ഏതെല്ലാം വ്യവസായ മേഖലകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി | (ബി) | കൊച്ചി മുതൽ പാലക്കാട് വരെയുള്ള വിവിധ സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി സംയോജിത ഉല്പാദന ക്ലസ്റ്ററുകൾ ആണ് സ്ഥാപിക്കുന്നത്. പരിസ്ഥിതിക്ക് |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | | ദോഷം തട്ടാത്ത എല്ലാത്തരം വ്യവസായ യൂണിറ്റുകൾക്കും ഇത്തരം ക്ലസ്റ്ററുകളിൽ പ്രവർത്തിക്കാൻ സാധിക്കും. പ്രസ്തുത ക്ലസ്റ്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**